# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 552, 11/06/2013-ൽ മറുപടിക്ക്

### നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ശിവൻകുട്ടി** | **ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി** |
| നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റിൽ ഗ്രാമവികസന വകുപ്പിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റ് ഡയറക്ടറായി നിയമിക്കപ്പെടുന്നതിനായി ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും വ്യക്തമാക്കുമോ ? | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ എൻടി കേഡർ തസ്തികയായ അസിസ്റ്റന്റ് ഡയറക്ടറുടെ 16 തസ്തികകളിൽ ഒഴിവുണ്ട്. ഈ തസ്തികകളിൽ എത്ര എണ്ണം ദീർഘകാലാടിസ്ഥാനത്തിൽ നിലനിർത്തേണ്ടതുണ്ടെന്ന് പരിശോധിച്ച് വരുന്നു. ഈ തസ്തികകൾ താഴെപ്പറയുന്ന വിഭാഗങ്ങൾക്കായി വിഭജിച്ചിരിക്കുന്നു.<br>(എ) റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്/ഐ.ആർ.ഡി)<br>(ബി) കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച സെലക്ഷൻഗ്രേഡ്/സീനിയർ ഗ്രേഡ് അസിസ്റ്റന്റ്<br>(സി) നേരിട്ടുള്ള നിയമനം<br>മേൽ വിഭാഗങ്ങൾക്ക് 1:1:1 എന്ന അനുപാതത്തിലാണ് തസ്തികകൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ